# Malayala Manorama

# 13 August 2018

# Eloor: Flood victims,Rescue actions



പെരിയാറിൽ ഒഴുക്കിൽപെട്ട അബ്ദുൽ ലത്തീഫിനെ ഫയർഫോഴ്സും നാട്ടുകാരും ചേർന്നു രക്ഷപ്പെടുത്തി ആശുപത്രിയിലേക്കു കൊണ്ടുപോകുന്നു.

## ജീവിതത്തിനും മരണത്തിനും ഇടയിൽ യുവാവ് നീന്തിയത് അഞ്ചു കിലോമീറ്റർ

**ഒഴുക്കിൽപെട്ട അബ്ദുൽ ലത്തീഫിനെ അഗ്നിരക്ഷാസേനയും നാട്ടുകാരും രക്ഷപ്പെടുത്തി**

ഏലൂർ● ജീവിതത്തിനും മരണത്തിനുമിടയിൽ ഏലൂക്കര വടക്കേപ്പറമ്പിൽ അബ്ദുൽ ലത്തീഫ് (35) നീന്തിയത് അഞ്ചു കിലോമീറ്ററാണ്. പെരിയാറിൽ പാതാളം പാലത്തിനു സമീപത്തു പുല്ലിൽ പിടിച്ചു കിടന്ന ലത്തീഫിനെ അഗ്നിരക്ഷാസേനയും നാട്ടുകാരും ചേർന്നു രക്ഷപ്പെടുത്തി ഇഎസ്ഐ ആശുപത്രിയിൽ പ്രാഥമിക ചികിത്സ നൽകിയ ശേഷം വീട്ടിലെത്തിച്ചു. ഇന്നലെ ഉച്ചയ്ക്കു പന്ത്രണ്ടോടെയാണ് സംഭവം.

ചെളിയും തണുപ്പും നിറഞ്ഞു കുതിച്ചൊഴുകുന്ന പുഴയിൽ തലയുയർത്തി ഒഴുകിപ്പോകുന്ന ലത്തീഫിനെ ഇടമുളയിൽ തീരത്തിരിക്കുകയായിരുന്ന യുവാക്കൾ കണ്ടതാണു രക്ഷയായത്.

കലങ്ങിമറിഞ്ഞൊഴുകുന്ന പുഴയിലേക്കു ചാടാൻ അവർ ഭയന്നു. ഉടൻ തന്നെ യുവാക്കൾ ഏലൂർ നഗരസഭാ കൗൺസിലറായ ജോസഫ് ഷെറിയെ വിവരമറിയിച്ചു. ഷെറി അഗ്നിരക്ഷാസേനയെയും. ഏലൂർ അഗ്നി രക്ഷാനിലയത്തിലെ സേനാംഗങ്ങളും ഷെറിയും പാതാളം പാലത്തിലേക്കു കുതിച്ചെത്തി. ഈ സമയം ലത്തീഫ് പാതാളം പാലത്തിൽ നിന്ന് 200 മീറ്ററോളം അകലെയെത്തിയിരുന്നു.

പാലത്തിലെത്തുന്നതിനു മുൻപുള്ള പുഴയുടെ വളവ് ലത്തീഫിനു രക്ഷയായി. ഈ ഭാഗത്തേക്ക് ഒഴുകിയെത്തിയ ലത്തീഫിനു പുൽക്കൂട്ടത്തിൽ പിടിത്തം കിട്ടി. പുല്ലിൽ പിടിച്ചു കിടന്ന ലത്തീഫിനെ അഗ്നിരക്ഷാസേന രക്ഷപ്പെടുത്തുകയായിരുന്നു. വീടിനു സമീപത്തു പുഴയിൽ കുളിക്കാനിറങ്ങിയതാണെന്നാണു ഫയർഫോഴ്സിനോടും നാട്ടുകാരോടും ലത്തീഫ് പറഞ്ഞത്.